**19001999**

19001999

**Reg. No...............................**

**Name...................................**

# M.A. DEGREE (CSS) EXAMINATION, NOVEMBER 2019

**Third Semester**

Faculty of Language and Literature

Branch II—Malayalam

MAL 3–PC 13—**മലയാള നിരൂപണം**

(2012 Admission onwards)

Time : Three Hours | Maximum Weight : 30

## Part A

I. ഒരു പുറത്തിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക :

1 കാവ്യത്തിന്റെ കാതലായി മുണ്ടശ്ശേരി നിരീക്ഷിക്കുന്നത് എന്ത് ?

2 'നളിനി'യിലെ കഥാവസ്തു നിർവ്വഹണത്തിന്റെ പുതുമ എന്ത് ?

3 ചങ്ങമ്പുഴക്കവിതയുടെ ആസ്വാദ്യതയുടെ കാരണമായി സി.ജെ. തോമസ് ചൂണ്ടിക്കാണിക്കുന്നതെന്ത് ?

4 പുരോഗമന സിദ്ധാന്തത്തിന്റെ രാഷ്ട്രീയ പരിസരമെന്ത് ?

5 ഗദ്യത്തിന് കൃത്രിമത്വം നൽകുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ഘടകം ഏത് ?

6 മലയാള സാഹിത്യത്തിലെ പദ്യപ്രാധാന്യത്തെപ്പറ്റി സൂചിപ്പിക്കുക.

7 'ബലിഷ്ഠവും സ്വാർത്ഥാശ്ലേഷിയുമായ വന്ധ്യത്വം വാത്സല്യത്താൽ ശിരീഷമൃദുവായിത്തീരുന്ന ചിത്രം' എന്ന് ലേഖകൻ വിവക്ഷിക്കുന്ന കാവ്യചിത്രമേത് ?

8 പരിസ്ഥിതി സൗന്ദര്യശാസ്ത്രം (eco-aesthetics) സാകല്യാത്മകമായ സമീപനമാകുന്നതെങ്ങനെ ?

(5 × 1 = 5)

## Part B

II. രണ്ടു പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

9 'നളിനി'യുടെ അവതാരിക മലയാളത്തിൽ കാല്പനികതയുടെ ശംഖനാദമായിരുന്നു—വിലയിരുത്തുക.

10 'സാഹിത്യവിദ്യ' എന്ന ലേഖനത്തിലെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

11 'യഥാർത്ഥ കലാസൃഷ്ടി ഒരേ സമയം വിശേഷനിഷ്ഠവും സാമാന്യത്തെ സാക്ഷാത്കരിക്കുന്നതുമായിരിക്കും' —ലേഖകന്റെ വിവക്ഷയെന്ത് ?

12 'അവൻ പാടുന്ന തിക്ത പദങ്ങളിൽ സത്യത്തിന്റെ മാധുര്യം ഊറുന്നു'—പാടിയ തിക്തപദം എന്ത് ? സത്യത്തിന്റെ മാധുര്യം എന്തായിരുന്നു ?



**Turn over**

13 'അത്യന്തം വിരുദ്ധോക്തികൾക്കൊണ്ടു മെടഞ്ഞ മലയാളത്തിലെ പ്രഥമദീർഘകാവ്യമാണ് 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം'—വിലയിരുത്തുക.

14 സച്ചിദാനന്ദൻ 'പെണ്ണെഴുത്ത്' എന്ന പദം നിർദ്ദേശിച്ചതിനു പിന്നിലുള്ള കാരണമെന്ത് ?

15 മലയാള ഗദ്യത്തിന് കെ. ഭാസ്കരൻ ചൂണ്ടിക്കാണിക്കുന്ന 'ദുസ്സഹ പാരതന്ത്ര്യ'ങ്ങൾ എന്തെല്ലാം ?

16 ജൈവവൈവിധ്യത്തെ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം ഉൾക്കൊള്ളുന്നതെങ്ങനെ ?

(5 × 2 = 10)

## Part C

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

17 ദലിത് സാഹിത്യ പരിപ്രേക്ഷ്യത്തിന്റെ വ്യാപ്തിയും വിശകലനവും ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

18 സി.പി. അച്യുതമേനോന്റെ വിമർശനശൈലി 'ഭാഷാകവിത'യെ ആസ്പദമാക്കി വിലയിരുത്തുക.

19 മുണ്ടശ്ശേരിയുടെ 'കാവ്യപീഠിക' മലയാള സാഹിത്യ വിമർശന ചരിത്രത്തിൽ എത്രമാത്രം സ്ഥാനം വഹിക്കുന്നുണ്ട് ?

**അല്ലെങ്കിൽ**

20 എം.പി. പോളിന്റെ സൗന്ദര്യ മാനദണ്ഡങ്ങളെപ്പറ്റി പ്രതിപാദിക്കുക.

21 സി.ജെ. തോമസ് ചങ്ങമ്പുഴയെപ്പറ്റി നടത്തുന്ന നിരീക്ഷണങ്ങളെ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

22 ആധുനികോത്തര വിമർശന സമീപനങ്ങളിൽ വി.സി. ശ്രീജന്റെ 'വീണ്ടും മഞ്ഞ്' എന്ന ലേഖനത്തിന്റെ പ്രസക്തിയെന്ത് ?

(3 × 5 = 15)